# പോലീസിന് ബാരിക്കേഡുകൾ നൽകി

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊല്ലം റൂറൽ ജില്ലയിലേക്ക് കണ്ടൈൻമെന്റ് സോണുകളിൽ ഉപയോഗിക്കുന്നതിനാവശ്യമായ ബാരിക്കേഡുകൾ ഫെഡറൽ ബാങ്ക് നിർമ്മിച്ച് നൽകി.ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ. പദ്ധതിയുടെ ഭാഗമായാണ് ബാരിക്കേഡുകൾ നിർമ്മിച്ച് നൽകിയത്. കൊല്ലം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്ത് വച്ച് നടന്ന ചടങ്ങിൽ ഫെഡറൽ ബാങ്കിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ശ്രീ. എം.വി. ജോർജ്ജ് ജില്ലാ പോലീസ് മേധാവി ഹരിശങ്കർ ഐ.പി.എസിന് ബാരിക്കേഡുകൾ കൈമാറി. ഫെഡറൽ ബാങ്ക് കൊട്ടാരക്കര ബ്രാഞ്ചിലെ സീനിയർ മാനേജർ സുരേഷ്കുമാര്, മാനേജർ ശ്രീ. ജിഹു ജേക്കബ് എന്നിവർ പങ്കെടുത്തു.




***************************************************************************************